"ഭരണ ഭാഷ-മാതൃഭാഷ"

ICDS A1/20932/19

വനിതശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ: 0471-2346508
ഇ.മെയിൽ: directorate.wcd@kerala.gov.in
തീയതി : 23.12.2020

ഡയറക്ടർ
വനിതശിശുവികസന വകുപ്പ്.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : വനിത ശിശുവികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി- അങ്കണവാടികളിലേക്കുള്ള 2019-20 സാമ്പത്തിക വർഷത്തെ മെഡിസിൻ കിറ്റ് വിതരണം -സംബന്ധിച്ച്.

സൂചന : 1. സ്.ഉ.(സാധാ) നം. 118/2020/സാ.നീ.വ നമ്പർ സർക്കാർ കത്ത്, തീയതി: 01.03.2020
2. 18.03.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

സംസ്ഥാനത്തെ 32,986 അങ്കണവാടികൾക്കും 129 മിനി അങ്കണവാടികൾക്കും 2019-20 വർഷത്തെ മെഡിസിൻ കിറ്റ് വിതരണം ചെയ്യുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി സൂചന(1) പ്രകാരം സർക്കാർ ഉത്തരവാകുകയും സൂചന(2) പ്രകാരം ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം ICDS കളിൽ മെഡിസിൻ കിറ്റ് വിതരണം ആരംഭിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ICDS കളിൽ ലഭ്യമാക്കുന്ന മെഡിസിൻ കിറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി അങ്കണവാടികൾക്ക് യഥാസമയം വിതരണം ചെയ്യേണ്ടതും എല്ലാ ICDS കളിലും മെഡിസിൻ കിറ്റ് ലഭ്യമായിട്ടുണ്ടോ എന്ന് പ്രോഗ്രാം ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി